LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിലെ ഉപദേശകസമിതി

145 [3199] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശകസമിതി പ്രതിമാസം യോഗം ചേരാറുണ്ടോ; ഇല്ലെങ്കിൽ പതിവായി എത്ര മാസം കൂടുമ്പോഴാണ് യോഗം ചേരാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഉപദേശക സമിതി ചെയർമാന് പ്രതിമാസം ഓണറേറിയവും ടെലഫോൺചാർജും നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ഓണറേറിയം അനുവദിച്ചതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) 1983-ൽ വകുപ്പ് രൂപീകരിച്ചതിനുശേഷം ഇതേവരെ ഏതെങ്കിലും സമിതി ചെയർമാന് ഓണറേറിയം നൽകിയിട്ടുണ്ടോ;

(ഇ) സമിതി ചെയർമാന് ഓണറേറിയം അനുവദിച്ച നടപടി പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) മൂന്നു മാസം കൂടുമ്പോഴാണ് യോഗം ചേരുന്നത്.

(ബി ആന്റ് സി) പരിശോധിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

സാംസ്കാരിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ്

146 [3200] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഗ്രാന്റ് അനുവദിച്ചിട്ടുണ്ട് എന്നും എന്തു തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) 2001 മേയ് മാസത്തിനുശേഷം ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെയുള്ള കാലയളവിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും സംഘടനകൾക്കും എന്തു തുക വീതം ഗ്രാന്റായി അനുവദിച്ചിരുന്നുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഓരോ സ്ഥാപനത്തിനും അനുവദിച്ച തുകയെ സംബന്ധിച്ച് തയ്യാറാക്കിയ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

† അനുബന്ധം VII കാണുക